MONDAY തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)04/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് തൃശ്ശൂർ ജില്ല യിലെ വടക്കാഞ്ചെരി, ചേലക്കര, കുന്നംകുളം, ഗുരുവായൂർ എന്നീ മണ്ഡലങ്ങളിൽ സംഘ ടിപ്പിക്കുന്നു.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ നാലാംഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് തീവ്രയജ്ഞം സംസ്ഥാനത്ത് 2023 ഡിസംബർ 1-ാം തീയതി മുതൽ നടന്നുവരികയാണ്. 2009 ലെ മൃഗങ്ങൾക്കുള്ള സാംക്രമിക രോഗ നിയന്ത്രണ/നിർമ്മാർജ്ജന ആക്ട് പ്രകാരം കുളമ്പുരോഗ കുത്തിവെയ്പ്പ് എടുക്കേണ്ടത് അനിവാര്യമാണ്. 2025 ഓടുകൂടി കുളമ്പുരോഗം നിയന്ത്രണ വിധേയമാക്കുന്നതിനും 2030 ഓടുകൂടി നിർമ്മാർജ്ജനം ചെയ്യുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതുവഴി മാംസം, പാൽ, തുകൽ, അവയുടെ ഉപഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതിയാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. നാല് മാസത്തിന് മുകളിൽ പ്രായമുള്ള പശു/എരുമ വർഗ്ഗത്തിലുള്ള ഉരുക്കൾക്കാണ് കുത്തിവയ്പ്പ് നൽകുന്നത്. (അവസാന മൂന്ന് മാസം ഗർഭാവസ്ഥയിലുള്ളവ/അസുഖമുള്ളവ/നാല് മാസത്തിന് താഴെ പ്രായമുള്ള കിടാങ്ങൾ എന്നിവയെ ഒഴിവാക്കും). വാക്സിനേഷൻ യജ്ഞം വിജയിപ്പിക്കുന്നതിന് സംസ്ഥാനം പൂർണ്ണമായും സജ്ജമാണ്. എല്ലാ കർഷകരും ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തി സ്വന്തം ഉരുക്കളെ പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കേണ്ട താണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കാർഷിക മേഖലയിൽ ചെലവുകുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്ര വൽക്കരണ ഉപ പദ്ധതി SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക - യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര വിളസംസ്കരണം മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2023 2024 - സാമ്പത്തിക വർഷത്തിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ 01.08.2023 മുതൽ നൽകാവുന്നതാണ്. കാർഷിക യന്ത്രവൽക്കരണ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷി ഭവനുമായോ 0471 2306748, 0477 2266084, 0495 2725354 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

4. ഓണാട്ടുകരയുടെ കാർഷികഭൂപടത്തിൽ ഏറ്റവും പ്രാധാന്യമേറിയ വിളയാണ് എള്ള്. ഒണാട്ടുകര പ്രദേശത്തെ 5 ഇനങ്ങളായ കായംകുളം- 1, തിലതാര, തിലറാണി, തിലക്, ആയാളി എന്നിവയ്ക്ക് ഭാരത സർക്കാറിന്റെ ഭൗമസൂചിക ലഭിച്ചിരിക്കുകയാണ് . ഈ വിളയുടെ വിസ്തൃതി വർദ്ധിപ്പിക്കുനതിനും, ഉത്പ്പാദനം കൂട്ടുന്നതിനും, അതുവഴി മൂല്യ വർദ്ധിത സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും സർക്കാർ അനുമതി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലഭിച്ചിരിക്കുകയാണ്. വൃശ്ചികമാസത്തിൽ ഈ കൃഷി ആരംഭിക്കേണ്ടതാണ് ആയതിനാൽ താത്പ്പര്യമുള്ള കർഷകർ അതാതു പ്രദേശത്തെ കൃഷി ഭവനുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത് കൃഷി ആരംഭിക്കേണ്ടതാണ്. കർഷകർക്കു കൈത്താങ്ങായി വിത്തും, കൂലിച്ചെലവും നൽകുന്നുണ്ട് . കൂടാതെ ഉത്പ്പാദിപ്പിക്കുന്ന എള്ള് കർഷകർക്ക് ന്യായവില നൽകി ഓണാട്ടുകര വികസന ഏജൻസി സംഭരിക്കുന്നതാണ്. കായംകുളം മേഖലാ കാർഷിക ഗവേഷണ കേന്ദ്രവും, ഓണാട്ടുകര വികസന ഏജൻസിയും കർഷകർക്ക് സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതാണ്.

5. **കൃഷിയിലെ വന്യജീവി നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച്** ഒരു ഹാക്കത്തോൺ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ഈ വിഷയത്തെക്കുറിച്ചുള്ള ആശയങ്ങൾ 2023 ഡിസംബർ 5 ന് മുമ്പായി പ്രോഗ്രാ കോർഡിനേറ്റർ, കൃഷി വിജ്ഞാനകേന്ദ്രം, കണ്ണൂർ, കാഞ്ഞിരങ്ങാട് പി. ഒ , തളിപ്പറമ്പ്, കണ്ണൂർ - 670142 എന്ന വിലാസത്തിലോ, 8547675124 എന്ന ഫോൺ നമ്പരിലോ, kvkkannurhack@gmail.com എന്ന ഈ-മെയിൽ വിലാസത്തിലോ അയയ്ക്കാവുന്നതാണ്.

6. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് എന്നീ സ്ഥാപനങ്ങളിലെ കയർ ഉത്പ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സംരംഭകരെ ക്ഷണിക്കുന്നു. സെയിൽസ്ടേണോവറിന്റെ 20 ശതമാനം സംരംഭക സഹായകമായി ലഭിക്കും. താത്പര്യമുള്ള സംരംഭകർ, കുടുംബശ്രീ യൂണിറ്റുകൾ, ഇ ഡി ക്ലബ്ബുകൾ തുടങ്ങിയവർ കയർ പ്രോജക്ട് ഓഫീസുമായി 0474 2793412 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലന പരിപാടി

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഇന്ന് (04.12.2023) രാവിലെ 10 മണി മുതൽ വൈകീട്ട് 04 മണി **വരെ "തക്കാളിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ"** എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. മലപ്പുറം ജില്ലയിലെ-ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് ഡിസംബർ 4, 5 തീയ്യതികളിൽ കറവപ്പശു പരിപാലനം, കാട വളർത്തൽ എന്നീ വിഷയങ്ങളിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം